## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2613 10.12.2014-ൽ മറുപടിക്ക്**

**യുവതിയുടെ പ്രസവം ചിത്രീകരിച്ച് വാട്ട്സ് അപ്പ് വഴി പ്രചരിപ്പിച്ച സംഭവം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കൃഷ്ണൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പയ്യന്നൂർ താലൂക്കാശുപത്രിയിൽ യുവതിയുടെ പ്രസവം ചിത്രീകരിച്ച് വാട്ട്സ് അപ്പ് വഴി പ്രചരിപ്പിച്ച സംഭവവുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി യിട്ടുണ്ടോ; വിശദമാക്കാമോ; | (എ) പയ്യന്നൂർ താലൂക്കാശുപത്രിയിൽ യുവതിയുടെ പ്രസവ ശസ്ത്രക്രിയ ചിത്രീകരിച്ച് വാട്സ് ആപ്പിലൂടെ പ്രചരിപ്പിച്ച സംഭവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)-ന്റെ നേതൃത്വത്തിൽ ഒരു പ്രാഥമിക അന്വേഷണം നടത്തുകയും പ്രഥമ ദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ മൂന്ന് ഡോക്ടർമാരെ അച്ചടക്ക നടപടിക്ക് വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. തുടർന്ന് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുകയുണ്ടായി. കൂടാതെ, ടി വിഷയ വുമായി ബന്ധപ്പെട്ട് പയ്യന്നൂർ പോലീസ് സൈബർ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. |
| (ബി) സംഭവവുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്ത ഡോക്ടർമാർക്ക് പകരം ആശുപത്രിയുടെ പ്രവർത്തനത്തിൽ തടസ്സം വരാതിരിക്കാൻ പകരം നിയമനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) സംഭവവുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്ത ഡോക്ടർമാർക്ക് പകരം ആശുപത്രി യുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ 3 അഡ്ഹോക്ക് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ താലൂക്ക് ആശുപത്രി പഴയങ്ങാടി, പി.എച്ച്.സികളായ ചെറുതാഴം, മാട്ടൂൽ, കുഞ്ഞിമംഗലം, ഡബ്ല്യൂ&സി, മങ്ങാട്ടുപറമ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കുകയും ചെയ്തു. |

| | |
|---|---|
| (സി) ഒഴിവുള്ള തസ്തികകളിൽ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിച്ച് പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം പൂർവ്വ സ്ഥിതിയിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) സർവ്വീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് പ്ലേസ്മെന്റ് നൽകി ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ